# അക്ഷര വർണ്ണങ്ങൾ




## ലിറ്റിൽ കൈറ്റ്സ്

ഡിജിറ്റൽ മാഗസിൻ-2025

## സെന്റ് തോമസ് ഹൈസ്കൂൾ മരങ്ങാട്ടുപിള്ളി



# ആശംസ

സെന്റ് തോമസ് കുടുംബത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന " അക്ഷര വർണ്ണങ്ങൾ " എന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. ചിന്തയും ഭാവനയും സർഗ്ഗശേഷികളും സമ്മേളിക്കുന്ന ഈ മാസിക മികച്ച നിലവാരത്തിൽ തയ്യാറാക്കാൻ പ്രയത്നിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

സ്നേഹപൂർവ്വം,

ലിന്റ എസ്. പുതിയാപറമ്പിൽ
ഹെഡ്മിസ്ട്രസ്

# എഡിറ്റോറിയൽ

മരങ്ങാട്ടുപിള്ളി സെന്റ് തോമസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സ്ക്രൈബസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കിയിരിക്കുന്ന '**അക്ഷര വർണ്ണങ്ങൾ** ' എന്ന ഡിജിറ്റൽ മാഗസിനിൽ കഥ , ലേഖനം, കവിത തുടങ്ങിയ കുട്ടികളുടെ സ്വന്തം സൃഷ്ടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടികൾ വരച്ച ചിത്രങ്ങളും കൂടുതലായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ രചനയിലും ഡിസൈനിംഗിലും സഹകരിച്ച എല്ലാവർക്കും നന്ദി.

**ലിറ്റിൽ കൈറ്റ്സ് ടീം**

**2023-2026 Batch**

**സെന്റ് തോമസ് ഹൈസ്കൂൾ,മരങ്ങാട്ടുപിള്ളി**



# താളുകൾ മറിക്കുമ്പോൾ


ഞങ്ങളുടെ വിദ്യാലയം.................................... 4

*A Precious Gift* .................................. 6

ഒരു യാത്രയുടെ ഓർമ്മയ്ക്ക് .................................. 7

വെടിയാം ലഹരി ..................................... 9

ചിലന്തി വലകൾ പറയുന്നത് ............................ 10

വിദ്യാലയം ............................................... 12

മിസ്ഡ് കോൾ ............................................ 13

കിനാക്കൾ ................................................ 15

*My Mother* ...... ...................................... 16

മനസ്സിലൊരു വെളിച്ചം .................................. 17

മനോഹരി ................................................ 18

# സെന്റ് തോമസ്സ് എച്ച്.എസ് മരങ്ങാട്ടുപിള്ളി



കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ മരങ്ങാട്ടുപിള്ളി എന്ന പ്രശാന്തസുന്ദരമായ ഗ്രാമത്തിലാണ് എയിഡഡ് വിഭാഗത്തിൽപ്പെട്ട ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്.

## ചരിത്രം

മരങ്ങാട്ടുപിള്ളിയുടെ വിദ്യാഭ്യാസ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ് സെന്റ് തോമസ് സ്കൂൾ. ഇവിടുത്തെ നല്ലവരായ നാട്ടുകാരുടെയും ഇവിടെ സേവനം ചെയ്ത



വൈദികരുടെയും കഠിനാദ്ധ്വാനത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും ഫലമാണ് ഈ സരസ്വതിക്ഷേത്രം. 1920-ൽ എൽ.പി.സ്കൂൾ സ്ഥാപിച്ചു. വിദ്യാഭ്യാസ പുരോഗതിക്ക് വഴിതെളിച്ച ഈ സ്ഥാപനം 1948-ൽ മിഡിൽ സ്കൂളായി ഉയർത്തി. 1951-ൽ ഹൈസ്കൂൾ നിലവിൽ വന്നു. 1954-ൽ .എസ് .എസ്.എൽ.സി ആദ്യ ബാച്ച്പുറത്തിറങ്ങി. പ്രഥമ ഹെഡ്മാസ്റ്ററായി റവ.ഫാ.റ്റി.കെ.എബ്രാഹം തൊണ്ടിയ്ക്കൽ നിയമിതനായി. നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ വികസനത്തിന് ഹേതുഭൂതമായ ഈ സരസ്വതി ക്ഷേത്രത്തിൽ നിന്ന് വിജ്ഞാനമാർജ്ജിച്ച് തലമുറകൾ ജീവിതത്തിന്റെ വിവിധ കർമ്മമണ്ഡലങ്ങളിൽ വ്യക്തി മുദ്രപതിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ കലാപരവും കായികപരവും ആദ്ധ്യാത്മികവുമായ വികാസത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ വിദ്യാലയം ശിക്ഷണത്തിലും വിജയത്തിലും ഉന്നതനിലവാരം പുലർത്തുന്നു . അറിവിന്റെയും സംസ്കാരത്തിന്റെയും പ്രകാശം ചൊരിയുവാൻ കഠിനദ്ധ്വാനം ചെയ്ത പൂർവികരുടെ സ്മരണകൾ നമുക്ക് പുതുചൈതന്യം പകരട്ടെ.

## ഭൗതികസൗകര്യങ്ങൾ

നാലര ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ശതാബ്ദി സ്മാരകമായി ഹൈടെക് സംവിധാനങ്ങളോടെ പുതിയതായി നിർമ്മിച്ച 3 നില മന്ദിരം ഉൾപ്പെടെ സ്കൂളിന് 3 കെട്ടിടങ്ങളിലായി 18 ക്ലാസ് മുറികളുമുണ്ട്.വിശാലമായ ഗ്രൗണ്ടും മനോഹരവുമായ ബാസ്കറ്റ്ബോൾ കോർട്ടും സ്കൂളിനോടനുബന്ധിച്ചുണ്ട്. ആധുനിക ലോകത്തിന്റെ വൈജ്ഞാനികതലത്തോട് ബന്ധപ്പെടുക എന്ന ലക്ഷ്യത്തോടെ 2000-ൽ ഒരു കംപ്യൂട്ടർ ലാബ് സ്ഥാപിച്ചു. ഇപ്പോൾ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ 26 കംപ്യൂട്ടറുകൾ ലാബിൽ ഉണ്ട്. ഇന്ററാക്ടീവ് മൾട്ടിമീഡിയ ഹാൾ, വിശാലമായ അസംബ്ലി ഹാൾ, സയൻസ് ലാബ്, ലൈബ്രറി എന്നിവയും വിദ്യാലയത്തിലുണ്ട്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി എല്ലാ ക്ലാസുമുറികളും സ്മാർട്ട് ക്ലാസുകളാക്കിയിട്ടുണ്ട്.



## മാനേജ്മെന്റ്



സീറോ മലബാർ സഭയിലെ പാലാ രൂപതയുടെ കീഴിലുള്ള പാലാ കോർപറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയാണ് വിദ്യാലയത്തിന്റെ ഭരണം നടത്തുന്നത്. രൂപതയിലെ മരങ്ങാട്ടുപിള്ളി ഇടവക വിദ്യാലയത്തിന്റെ ദൈനംദിന ഭരണകാര്യങ്ങൾ നിർവഹിക്കുന്നു. റവ. ഫാ.ജോസഫ് ഞാറക്കാട്ടിൽ ലോക്കൽ മാനേജരായി പ്രവർത്തിക്കുന്നു.

## സ്റ്റാഫ് &സ്റ്റുഡന്റ്സ്

5മുതൽ 10 വരെ ക്ലാസുകളിലായി 251 ആൺകുട്ടികളും 195 പെൺകുട്ടികളും ഉൾപ്പടെ 446 വിദ്യാർത്ഥികൾ ഇപ്പോൾ ഈ സ്കൂളിൽ വിദ്യ അഭ്യസിച്ചു വരുന്നു. പ്രധാനാധ്യാപികയായ ശ്രീമതി ലിന്റു എസ്. പുതിയാപറമ്പിലിന്റെ നേതൃത്വത്തിൽ 24 അദ്ധ്യാപകരും 4 അനദ്ധ്യാപകരും ഈ സ്കൂളിൽ സേവനമനുഷ്ഠിക്കുന്നു.



## പി.റ്റി.എ



ശ്രീ. റോബിൻ സി കുര്യൻ കരിപ്പാത്തിന്റെ നേതൃത്വത്തിൽ ശക്തമായ പി.റ്റി.എയുടെ പിന്തുണ എല്ലാ കാര്യങ്ങളിലും സ്കൂളിന് എപ്പോഴും ലഭിച്ചു കൊണ്ടിരിക്കുന്നു. എം.പി.റ്റി.എയും സജീവമായി സഹകരിക്കുന്നു.

## പാഠ്യേതര പ്രവർത്തനങ്ങൾ

- സ്കൗട്ട് & ഗൈഡ്സ്
- ലിറ്റിൽ കൈറ്റ്സ്
- ജൂണിയർ റെഡ് ക്രോസ്
- നേച്ചർക്ലബ്
- കാർഷിക ക്ലബ്
- ലഹരി വിരുദ്ധ ക്ലബ്
- ബയോഡൈവേഴ്സിറ്റി ക്ലബ്
- ടീൻസ് ക്ലബ്
- ഡയറി ക്ലബ്
- വിദ്യാരംഗം കലാ സാഹിത്യ വേദി
- മറ്റ് ക്ലബ്ബ് പ്രവർത്തനങ്ങൾ.

## നേട്ടങ്ങൾ



പഠന രംഗത്തും കലാ-ശാസ്ത്ര-കാർഷിക രംഗങ്ങളിലും സ്കൂൾ മികവാർന്ന നേട്ടങ്ങൾ കൈവരിച്ചു കൊണ്ടിരിക്കുന്നു. സംസ്ഥാന ശാസ്ത്ര മേള, ദേശീയ ബാല ശാസ്ത്ര കോൺഗ്രസ്, സതേൺ ഇന്ത്യ സയൻസ് ഫെയർ, ഇൻസ്പയർ അവാർഡ് എന്നിവയിൽ കുട്ടികൾ പങ്കെടുക്കുകയും ഒന്നാം സ്ഥാനം ഉൾപ്പെടെ നേടി ദേശീയ തലത്തിലും സംസ്ഥാന തലത്തിലും അഭിമാനാർഹമായ നേട്ടം കൈവരിക്കുകയും ചെയ്തു. ശാസ്ത്രമേള, കാരാട്ടേ, സയൻസ് മേള സോഷ്യൽ എന്നിവയിലും സംസ്ഥാന തലത്തിൽ കുട്ടികൾക്ക് അംഗീകാരം ലഭിച്ചു.











## ലിറ്റിൽ കൈറ്റ്സ് ഐ .ടി ക്ലബ്

ഹൈടെക് വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ് നമ്മുടെ സ്കൂളിലും സജീവമായി പ്രവർത്തിക്കുന്നു. ആനിമേഷൻ, പ്രോഗ്രാമിങ്, റോബോട്ടിക്സ് , ഗ്രാഫിക്സ് , ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വീഡിയോ - ഓഡിയോ എഡിറ്റിംങ്, ഡി.റ്റി. പി എന്നിവയിൽ പരിശീലനം നേടുന്നതിനോടൊപ്പം ഐ.ടി ഉപകരണങ്ങളുടെ മേൽനോട്ടവും പരിപാലനവും, സ്കൂൾ തല പ്രവർത്തനങ്ങളുടെ ഡിജിറ്റൽ ഡോക്യുമെന്റേഷൻ തുടങ്ങിയവയും ക്ലബ് അംഗങ്ങൾ നടത്തി വരുന്നു. മികവുൽസവം-റോബോ ഫെസ്റ്റ് എക്സിബിഷൻ, ഭിന്നശേഷി കുട്ടികൾക്കുള്ള പരിശീലനം എന്നിവ ഈ വർഷം നടത്തിയ മികവാർന്ന പ്രവർത്തനങ്ങളാണ്. മൂന്നു ബാച്ചുകളിലായി 95 കുട്ടികൾ അംഗങ്ങളായി പ്രവർത്തിക്കുന്നു. പ്രോഗ്രാമിംഗ് വിഭാഗത്തിൽ ഏബൽ ജോബി ജില്ലാ തലത്തിലേക്കു തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.


ലിറ്റിൽ കൈറ്റ്സ് മികവുത്സവം
സാന്തോം റോബോ ഫെസ്റ്റ് ജനശ്രദ്ധയാകർഷിച്ചു



# A Precious gift


**ALEENA MARIA BINS**

**7 A**


[illegible]

[illegible] t,

[illegible]

# ഒരു യാത്രയുടെ ഓർമ്മയ്ക്ക്



## യാത്രാവിവരണം

ഞങ്ങളും അധ്യാപകരും 2024 ഒക്ടോബർ 24-)ം തീയതി സ്കൂളിൽ നിന്നും ര പുലർച്ചെ അഞ്ചു മണിയോടുകൂടി പഠനയാത്ര ആരംഭിച്ചു. 9 മണിയോടുകൂടി പ്രഭാത ഭക്ഷണം കഴിച്ചു. ആദ്യം ഞങ്ങൾ പോയത് ടിപ്പുവിന്റെ കോട്ട എന്നറിയപ്പെടുന്ന പാലക്കാട് കോട്ടയിലേക്ക് ആണ്. മനോഹരമായി സംരക്ഷിക്കപ്പെടുന്ന ഒരു



ചരിത്രസ്മാരകമാണ് ഇത്. എതിരാളി പുനർ നിർമ്മിച്ച ഈ കോട്ട ബ്രിട്ടീഷ് അധിനിവേശം വരയും മൈസൂർ രാജാക്കന്മാരുടെ കൈയിലായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് സർക്കാർ ഭരണകേന്ദ്രമായി മാറിയെന്നും ഷിനു സാർ പറഞ്ഞു. ഉച്ച ഭക്ഷണം കഴിച്ച് മലമ്പുഴയിലേക്ക് യാത്ര തിരിച്ചു.

രണ്ടുമണിക്ക് മലമ്പുഴ അണക്കെട്ട് കാണാനും പൂന്തോട്ടത്തിൽ പോകാനും സ്നേക്ക്



പാർക്ക് കാണാനും ആയി ഞങ്ങൾ അവിടെയെത്തി. അണക്കെട്ടിന്റെ ഒരു വശത്ത് വിശാലമായ പ്രകൃതിയുള്ള പ്രദേശമാണ് മലമ്പുഴ ഉദ്യാനം. ധാരാളം പുൽത്തകടികൾ ഉള്ള ഇത് പച്ചപ്പ് നിറഞ്ഞതാണ്. ചതുരാകൃതിയിലും വൃത്ത ആകൃതിയിലും നിർമ്മിച്ചിരിക്കുന്ന പ്രദേശങ്ങൾ ഉള്ള ഒരു ചിട്ടയായ ലേഔട്ട് ഇത് പിന്തുടരുന്നു. മലമ്പുഴ യക്ഷി എന്ന ശിൽപം പൂന്തോട്ടത്തിന് വേറിട്ട ചാരുത നൽകുന്നു. മറ്റു നിരവധി പ്രതിമകളും ഇവിടെയുണ്ട്. പൂന്തോട്ടത്തിൽ ഒരു നീന്തൽ കുളം ഉണ്ട്. കനാലിന് കുറുകയുള്ള രണ്ടു തൂക്കുപാലങ്ങൾക്ക് മുകളിലൂടെ നടക്കുമ്പോൾ അത് ആടിയുലയുമ്പോൾ കുറച്ച് ആവേശം നൽകുന്നു.

റോപ് വേയിലിരുന്ന് പൂന്തോട്ടത്തിന്റെ മനോഹരമായ കാഴ്ച ആസ്വദിക്കാം. ആദ്യം പേടി തോന്നിയെങ്കിലും പിന്നെ ഇറങ്ങാനേ തോന്നിയില്ല. ഏഴുമണിക്ക് ഞങ്ങൾ പ്രാർത്ഥിക്കുകയും, ഏഴ് മുപ്പതിനോട് കൂടി അത്താഴം കഴിഞ്ഞ് എട്ടുമണിയോടുകൂടി അവിടെനിന്ന് ഊട്ടിയിലേക്ക് പുറപ്പെട്ടു. ബസ് യാത്രയും വളരെ രസകരമായിരുന്നു. രാത്രിയോടു കൂടി ഞങ്ങൾ ഹോട്ടലിൽ എത്തി. അവിടെ രാത്രി താമസിച്ചു.

രാവിലെ ഊട്ടിയിലെ അതിമനോഹരമായ കാഴ്ചകൾ കാണാനായി തിരിച്ചു. ഊട്ടി തമിഴ്നാട്ടിലെ ഒരു മലയോരപട്ടണവും നഗരസഭയും ഒക്കെയാണ്. കിഴക്കൻ മാനത്ത് വെളിച്ചം പരക്കുന്ന മനോഹരമായ ദൃശ്യം ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്ത് നിന്ന് കാണാൻ കഴിഞ്ഞു. നേരിട്ട് കാണുമ്പോഴാണ് ആ മനോഹാരിത മുഴുവൻ ആസ്വദിക്കാൻ പറ്റുക.



വല്ലാതെ ഭ്രമിച്ചു പോകുന്ന പ്രകൃതി ദൃശ്യങ്ങൾ. പച്ചപരവതാനി വിരിച്ച പോലെ മൊട്ട കുന്നുകളും. ഇതിലൂടെ നടന്നപ്പോൾ തലേന്നത്തെ യാത്രാ ക്ഷീണവും ഉറക്കക്ഷീണവും പമ്പ കടന്നു. തണുത്ത കാറ്റ് നേരിയതോതിൽ വീശുന്നുണ്ടായിരുന്നു അൽപസമയത്തിനുശേഷം ഇളം വെയിൽ വന്നപ്പോൾ സുഖപ്രദമായ ഒരു അന്തരീക്ഷം .അവിടെ നിന്നും ഇറങ്ങിപ്പോരാൻ മനസ്സ് സമ്മതിക്കുന്നില്ലായിരുന്നു. നീലഗിരി

കുന്നുകളുടെ മനോഹാരിത ആവോളം ആസ്വദിച്ച കൊണ്ട് യാത്ര തുടർന്നു.

ചെരിവുകൾ തട്ടുകൾ ആയി തിരിച്ച് ക്യാരറ്റ്, ബീറ്റ് റൂട്ട്, കോളിഫ്ലവർ, ക്യാബേജ് തുടങ്ങിയ പച്ചക്കറികൾ കൃഷി ചെയ്തിരിക്കുന്നത്



കാണാൻ തന്നെ അതീവ ഭംഗിയാണ് കൂടെ ഉയരം കുറഞ്ഞ വീടുകൾ കുന്നുകളെ നോവിക്കാതെ അടുക്കടുക്കായി വിവിധ വർണ്ണങ്ങളിൽ നിലകൊള്ളുന്നതും കാഴ്ചയുടെ ആസ്വാദനം വർദ്ധിപ്പിക്കുന്നു. കഴിച്ചാലും ഇല്ലാത്ത ഒരിഞ്ച് സ്ഥലം പോലും ഇവിടെ ഇല്ല എന്നതാണ് സത്യം. ഊട്ടിയിലെ ഏറ്റവും മനോഹരമായ കാഴ്ചകൾ സമ്മാനിക്കുന്ന ഇടങ്ങളിൽ ഒന്നാണ് നീലഗിരി മലകൾക്ക് താഴെയായി സ്ഥിതി ചെയ്യുന്ന ഊട്ടി തടാകം.പച്ചപ്പിനാൽ പൊതിഞ്ഞു നിൽക്കുന്ന ഇടമാണ് ഇത്.

ഊട്ടിയിലെ ബോട്ടാണിക്കൽ ഗാർഡൻ ഏക്കറകളോളം വരുന്ന കണ്ണിനു കുളിർമയേകുന്ന ഒരു ഉദ്യാനമാണ്. ഇന്ത്യയിലെ തന്നെ വിരളമായ ചെടികൾ ഇവിടെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. പുല്ലുകളും ചെടികളും വളരെ ശ്രദ്ധയോടെ



പരിപാലിക്കപ്പെടുന്നു. മെയ് മാസത്തിൽ നടക്കുന്ന പുഷ്പഫല സസ്യപ്രദർശനം ഇവിടെ പ്രശസ്തമാണ്. തമിഴ്നാട്ടിലെ ഹോർട്ടികൾച്ചർ വിഭാഗമാണ് ഇത് സംരക്ഷിക്കുന്നത്.

മെയിൻ റോഡുകളിൽ ഓരോ കിലോമീറ്റർ വേസ്റ്റ് ബിന്നുകൾ വെച്ചിരിക്കുന്നു. ഉച്ചഭക്ഷണം കഴിഞ്ഞ് ഞങ്ങൾ അടുത്ത ഒരു പ്രധാന സ്ഥലമായ തേയില



ഫാക്ടറിയിലേക്ക് പോയി. തേയില കൊളുന്ത് നുള്ളുന്നത് മുതൽ അത് തേയിലപ്പൊടി ആകുന്നത് വരെയുള്ള പ്രക്രിയകൾ അവർ ഞങ്ങൾക്ക് വിശദീകരിച്ചു തന്നു. യന്ത്രങ്ങളുടെ സഹായത്താൽ എങ്ങനെ ഈ പ്രവർത്തനം നടക്കുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കി. ഇതുകൂടാതെ കൊക്കോയിൽ നിന്നും ചോക്ലേറ്റ് നിർമ്മിക്കുന്നത്




എങ്ങനെയെന്നും ഇവിടെ കാണാവുന്നതാണ്. വിവിധയിനം ചായപ്പൊടികളും ചോക്ലേറ്റും വാങ്ങി കുറച്ച് സമയം അവിടെ തങ്ങി ഞങ്ങൾ അവിടെ നിന്നും തിരിച്ചിറങ്ങി.

ഊട്ടിയിലെ ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്ത് ക്യാമ്പ് ഫയർ കഴിഞ്ഞ് രാത്രി താഴവും കഴിഞ്ഞു ഊട്ടിയിൽ നിന്ന് തിരിച്ച് വീട്ടിലേക്ക് പുറപ്പെട്ടു. പിറ്റേന്ന് വെളുപ്പിനെ ഞങ്ങൾ വീട്ടിൽ എത്തി.

**Class 9 students**

# വെടിയാം ലഹരി.......

അഭിവന്ദ്യ സുരേഷ്
10 A

ഇന്നത്തെ സമൂഹത്തിൽ വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയം തന്നെയാണ് ലഹരി.

ഒരു രാജ്യത്തിന്റെ ഭാവി തകർക്കുംവിധം അവിടുത്തെ കുട്ടികളിൽ കണ്ടുവരുന്ന ഒന്നാണ് ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം. എന്നാൽ കുട്ടികളിൽ അതിനുള്ള സാധ്യത വളരെ കുറവാണ്.

കുടുംബ വഴക്ക് , കൂട്ടുകെട്ടുകൾ , ചുറ്റുമുള്ളവരോടുള്ള വാശി , പഠനത്തോടുള്ള പേടി ഇവയൊക്കെയാവാം ഒരുപക്ഷേ അവരെ ലഹരിക്ക് അടിമകളാക്കുന്നത്.

നമ്മുടെ സംസ്ഥാനം സാക്ഷരതയിലും ആരോഗ്യ പരിപാലനത്തിലും ഇന്ത്യയിലെ തന്നെ പ്രഥമ സ്ഥാനം അലങ്കരിക്കുന്നു എന്ന് അഭിമാനിക്കുമ്പോൾ മദ്യം , ലഹരി വസ്തുക്കളുടെ ഉപയോഗം എന്നതിലും സംസ്ഥാനത്തിന്റെ സ്ഥാനം ഒന്നാമത് തന്നെയാണ്.

മൂന്നു പതിറ്റാണ്ടുമുമ്പ് വരെ. ഡ്രഗ് എന്ന പദം കൊണ്ട് അർത്ഥമാക്കിയിരുന്നത് ജീവൻ രക്ഷ ഉപാധികൾ ആയിരുന്നു . ഇളം തലമുറയെ വിടരുന്നതിന് മുമ്പ് തന്നെ തല്ലിക്കൊഴിക്കാൻ ഹെൽപ്പുള്ള മയക്ക മരുന്ന് തന്നെയാണ് ഇന്ന് നാം ഡ്രഗ് എന്ന് ഓമനപ്പേര് നൽകി വിളിക്കുന്നത് എന്നത് വിരോധാഭാസമാണ്.

നമ്മുടെ സമൂഹത്തിൽ ആഴത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ വിപത്തിന്റെ നീരാളി പിടിയിൽ ഭാവിയുടെ പ്രതീക്ഷകൾ ആകേണ്ട വിദ്യാർത്ഥികളും ഉൾപ്പെടുന്നു എന്ന ഭീകരാവസ്ഥയ്ക്ക് മുമ്പിൽ പകച്ചു നിൽക്കുകയാണ് ഇന്ന് നാം.




വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട കേസുകളിൽ വന്ന വർദ്ധനവ് ഇതിനുള്ള ഉത്തമ ദൃഷ്ടാന്തമാണ്. ലഹരി പദാർത്ഥങ്ങളെ പൊതുവായി പുകയില, മദ്യം, മയക്കുമരുന്ന് എന്നിങ്ങനെ മൂന്നായി തിരിക്കാം. ഇന്ന് പുകയില കഞ്ചാവ് തുടങ്ങിയവയിൽ നിന്നുള്ള വിവിധതരം ഉൽപ്പന്നങ്ങളും മയക്കു ഗുളികകളും കുത്തിവെയ്പ്പ് മരുന്നുകളും സ്റ്റിക്കർ രൂപത്തിലുള്ള എൽ എസ് ഡി സ്റ്റാമ്പുകളും അടങ്ങിയതാണ് ലഹരിയുടെ സാമ്രാജ്യം. ഇതിനു പുറമേ ചില മരുന്നു വിൽപ്പന ശാലകൾ ലഹരിക്കായി ഉപയോഗം ദുരുപയോഗം ചെയ്യാവുന്ന മരുന്നുകൾ അനധികൃതമായി വിൽപ്പന നടത്തുന്നതായി എക്സൈസും ഡ്രഗ് കൺട്രോൾ വകുപ്പും സംയുക്തമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

## ലഹരി ഉപയോഗം എങ്ങനെ തടയാം

1. കുട്ടികൾ വീടുകളിൽ നിന്ന് കള്ളം പറഞ്ഞ് പണം വാങ്ങിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക.

2. കുട്ടികളുടെ പെരുമാറ്റത്തിൽ വ്യത്യാസമുണ്ടെങ്കിൽ മാതാപിതാക്കൾ കർശനമായ വിലക്ക് നൽകുക.

3. കുട്ടികൾ കൃത്യസമയത്ത് വീടുകളിൽ എത്തുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക.

* * * * *

കഥ

# ചിലന്തി വലകൾ പറയുന്നത്

സ്നേഹ ബന്ധമാണോ രക്തബന്ധമാണോ കൂടുതൽ ആഴമുള്ളത് ‘ഒരോരുത്തർക്കും വ്യത്യസ്തങ്ങളായ അഭിപ്രായമായിരിക്കും, അല്ലെ? ഞാൻ ഗായത്രി 30 വയസ്സ് കാണാൻ അത്ര സുന്ദരിയൊന്നും അല്ല. ഒരു ഗവൺമെൻ്റ് സ്ഥാപനത്തിലെ സാദാ ക്ലർക്ക്. ആദ്യം തന്നെ പറയട്ടെ ഞാൻ ഒരു ഫെമിനിസ്റ്റ് അല്ല ആകാൻ താൽപര്യമില്ല താനും.

അദ്ദേഹം ഒരു ഐ.ടി പ്രൊഫഷണൽ ആണ് എന്നു കരുതി ഐ.ടി ക്കാരുടെ പോലുള്ള ഒരു കളർഫുൾ ലൈഫല്ല ഞങ്ങളുടേത്.

പുറത്ത് മഴ തിമിർത്ത് പെയ്യുകയാണ്. ഇലയിൽ നിന്നും ഇറ്റു വീഴുന്ന മഴത്തുള്ളികളെ നോക്കിയിരിക്കാൻ എന്തു രസമാണ്. ചിലന്തി അപ്പോഴും വല കെട്ടികൊണ്ടിരിക്കുകയാണ്. എത്ര പൊട്ടിയിട്ടും വീണ്ടും വീണ്ടും നെയ്തെടുക്കുന്ന ജീവിത സ്വപ്നങ്ങൾ.

“നീയെന്താ സ്വപ്നം കാണുവാണോ? കുട്ടി കരയുന്നത് നീ കേൾക്കുന്നില്ലേ?”



അപ്പു തൊട്ടിലിൽ കിടന്ന് കരയുകയാണ്. ഞാൻ ഓടിച്ചെന്ന് കുട്ടിയെ എടുത്തു. ടി.വിയുടെ ശബ്ദം അല്പം കുറച്ചുകൂടെ എന്ന് ചോദിക്കണമെന്നുണ്ടായിരുന്നു. നിങ്ങൾക്കും കുട്ടി കരഞ്ഞാൽ എടുത്തൂടെ. എന്തിനാ വെറുതെ സീൻ ആക്കുന്നത്. ഒന്നും ചോദിച്ചില്ല.

കാറിൽ എ.സി കുറവാണെന്ന് എപ്പോഴും അദ്ദേഹം പറയുന്നുണ്ടായിരുന്നു. അതു പോലെ രാവിലെ ടൗണിലെ ട്രാഫിക് ബ്ലോക്കിനെപ്പറ്റിയും, സത്യത്തിൽ എനിക്ക് ചിരിയാണ് വന്നത്. കുട്ടിയെ ഡെ കെയറിലാക്കി ഓടിപ്പിടിച്ച് ബസ് കയറുമ്പോൾ ബസിൽ ഒരു സീറ്റ് കിട്ടണമെന്നേ എനിക്കുള്ളൂ. എങ്ങനെയെങ്കിലും സമയത്ത് ഓഫീസിൽ എത്തണം.

പിന്നീടെപ്പോഴോ മീൻക്കാരനോട് വില പേശി മീൻ വിലക്കുറച്ച് വാങ്ങി എന്ന് എന്നോട് വീരവാദം മുഴക്കിയപ്പോൾ എനിക്ക് പുച്ഛമാണ് തോന്നിയത്. അന്ന് അദ്ദേഹത്തിന്റെ ഷർട്ടിൻ്റെ പോക്കറ്റിൽ നിന്നും കിട്ടിയ കെ.എഫ്. സി യിലെ 2500 രൂപയുടെ ബില്ല് എന്നെ നോക്കി പല്ലിളിച്ചു. ബാറിലെ ബില്ലുകളും എന്നെ നോക്കി കൊഞ്ഞനം കുത്തി.

മൗനത്തിൻ്റെ നേർത്ത ചില്ലു ജാലകങ്ങളാണ് ഞങ്ങൾക്കിടയിലുണ്ടായിരുന്നത്.


അദ്ദേഹം ഓഫീസിൽ നിന്നും പാതിരാത്രി കഴിഞ്ഞാണ് മിക്കവാറും വന്നിരുന്നത്. വാതിൽ തുറക്കാൻ അല്പം താമസിച്ചാൽ പലപ്പോഴും കണ്ണിൽ നിന്നും പൊന്നീച്ച പറക്കും. നിമിഷങ്ങൾ മണിക്കൂറുകളായും ദിവസങ്ങളായും ഇഴയുന്നതുപോലെ തോന്നി. ചിലന്തി അപ്പോഴും വല കെട്ടിക്കൊണ്ടിരുന്നു. പൊട്ടി പോകുന്തോറും വീണ്ടും വീണ്ടും ശ്രമിച്ചു കൊണ്ടേയിരുന്നു.

മുറി വൃത്തിയാക്കിയപ്പോൾ കിട്ടിയ സിറിഞ്ചുകളും കാലിക്കവറുകളും എന്നെ ഞെട്ടിച്ചു. പിന്നീടാണറിഞ്ഞത് അദ്ദേഹത്തെ കമ്പനിയിൽ നിന്നും പിരിച്ചു വിട്ടത്രെ. ആരോടൊയുള്ള

വാക്കേറ്റത്തിനിടെ ലാപ്ടോപ്പുകൾ തകർക്കുകയും മാനേജരെ തല്ലുകയും ചെയ്തുത്രേ. അദ്ദേഹമിപ്പോൾ വീട്ടിൽ വരാറേയില്ല . ഫോൺ വിളികൾ പലപ്പോഴും കട്ടാക്കിയിരുന്നു. അദ്ദേഹമിപ്പോൾ ടൗണിലെ ഒരു ലോഡ്ജിലാണ് താമസം എന്ന് ഒരു സുഹൃത്ത് വഴിയാണ് അറിഞ്ഞത്. ഞാനും മോനും കൂടി അദ്ദേഹത്തെ കാണാൻ ചെന്നു. എല്ലാമുണ്ടായിട്ടും ഒന്നും ഇല്ലാത്തവനെപ്പോലെ.. ആരോരുമില്ലാത്തവനേപ്പോലെ. വാക്കുകൾ കണ്ണീർ മഴയായി പെയ്തു കൊണ്ടേയിരുന്നു. അവസാന പ്രതീക്ഷ... തിരിച്ചു വരുമെന്ന കാത്തിരിപ്പ്'... സ്നേഹ ബന്ധങ്ങളെല്ലാം പശയുള്ള ചിലന്തി വല പോലെയാണ്. പൊട്ടിപ്പോകുന്തോറും ഒട്ടിച്ചേരാൻ ശ്രമിച്ചു കൊണ്ടേയിരുന്നു. കുട്ടിയെ മടിയിലിരുത്തി ചാരുകസേരയിലിരുന്ന് ഞാൻ തളർന്ന് മയങ്ങിപ്പോയി. പെട്ടെന്നാണ് കോളിംഗ് ബെൽ അടിച്ചത്. വാതിൽ തുറന്നപ്പോഴതാ അദ്ദേഹം നിൽക്കുന്നു. കണ്ണീർ മഴ സന്തോഷ മഴയായി പെയ്തു കൊണ്ടിരിക്കുകയാണ്. ഒരു തിരിച്ചു വരവ് അതു മതി.. ഇനി എല്ലാം ശരിയാകും.. മോനെ അദ്ദേഹം വാരിയെടുത്തു. മണ്ണിലെവിടെയോ പുതിയ നാമ്പുകൾ മുളയ്ക്കാൻ തുടങ്ങിയിരിക്കുന്നു. സ്നേഹ ബന്ധങ്ങളാണല്ലോ രക്ത ബന്ധങ്ങൾക്ക് കാരണമാകുന്നത്. ചിലന്തി അപ്പോഴും വല കെട്ടിക്കഴിഞ്ഞിരുന്നു. ഇലയിൽ നിന്നും അവസാന തുള്ളി മഴയും ഈറ്റു വീണു കഴിഞ്ഞിരുന്നു.

**മിന്ന ആൻ നിജോയ്**

**10 A**



കവിത

# വിദ്യാലയം



ബാല്യം മുതൽക്കെയെന്നിൽ സ്വർഗദീപം കൊളുത്തിയ
മനസ്സിലെ വെളിച്ചമാണെൻ വിദ്യാലയം
സ്നേഹവായ്പയായി മനസ്സിൽ നേർവഴി പകർന്ന
സ്വർണതീജ്വാലയാണെൻ വിദ്യാലയം
കൈതവം കാട്ടിയ എന്നെ നേർവഴിക്കുനയിച്ച
മനസ്സിലെ വെളിച്ചമാണൻ വിദ്യാലയം
കൊന്നപ്പൂവിൻ സമിനമാം വെളിച്ചം പകർന്ന
സത്യധർമ്മത്തിൽ മെന്തെന്നു ഉടയോനാന്നെൻ വിദ്യാലയം.

അലീന ജോബോ
8 A

കഥ

# മിസ്ഡ് കോൾ...

രാത്രിയുടെ യാമങ്ങളിൽ അവൻ ഇവിടെ ഒന്നുമേ അല്ല. പൂന്തോട്ടത്തിലൂടെ, മലനിരകളിലൂടെ അവൻ ചാൾസ് രാജകുമാറിനെ പോലെ തന്നെ പടക്കുതിരയുമായി നീങ്ങുന്നു. സൂര്യ ലക്ഷ്മികൾ തന്റെ മുഖത്തടിച്ചപ്പോൾ ജിനു ഉണർന്നു. കോളേജിലെ ഒരു താരമാണ് ജിനു. കളിയിലും പഠനത്തിലും കേമനാണ് അങ്ങനെ അവൻറെ ജീവിതം സുന്ദരമായി പൊയ്ക്കൊണ്ടിരിക്കുമ്പോഴാണ് അത് സംഭവിച്ചത്. നല്ല ഇരുട്ടുള്ള രാത്രി, പെരുമഴ. തണുത്തുറഞ്ഞ മഴ ആർത്തു പെയ്യുമ്പോൾ നിശബ്ദമായ ഹോസ്റ്റലിന്റെ വരാന്തയിലൂടെ അവൻ നീങ്ങുകയായിരുന്നു. ആരോ കരയുന്ന ശബ്ദം കേൾക്കുന്നു. ജിനു പെട്ടെന്ന് തിരിഞ്ഞതും ശബ്ദം നിന്നു. ആകെ ബഹളം. അതിനിടയിൽ ഒരു മിസ്ഡ് കോൾ. ആരോ ഒരാൾ. പിറ്റേദിവസം മുതൽ ജിനു ആകെ മാറി.



തൻറെ ഉറ്റ സുഹൃത്തുക്കൾ ആയ അഭിയും അഖിലും വിളിച്ചിട്ട് പോലും അവൻ ക്ലാസിൽ പോയില്ല. ദിവസങ്ങൾ മുന്നോട്ടുപോകും തോറും ജിനു ആകെ മാറി.പഠനത്തിലുംത്തിലും അവൻ ഉഴപ്പാൻ തുടങ്ങി.അതുവരെ ക്ലാസ്സ് ടോപ്പർ ആയ ജിനു ക്ലാസ്സ് ലാസ്റ്റ് ആയി. പല ദിവസങ്ങളിലായി അപകടങ്ങൾ മണക്കുന്നു. ഫോണിലേക്ക് പലപ്പോഴായി മിസ്ഡ് കോൾ വരുന്നു. അവസാനം ആ കോൾ എടുത്തു. അപ്പോൾ കേട്ടത് നിൻറെ ഉറക്കമില്ലാത്ത രാത്രികൾ വരുന്നു your sleepless nights are coming... ഈ വരുന്ന സെപ്റ്റംബർ 16 നിൻറെ അല്ലെങ്കിൽ നിൻറെ കൂട്ടുകാരൻറെ രക്തം ഈ ഹോസ്റ്റൽ മുറ്റത്ത് വീണിരിക്കും. കോൾ പെട്ടെന്ന് കട്ടായി. പിന്നീട് അവൻ കൂട്ടുകാരെ ഭയങ്കരമായി ശ്രദ്ധിക്കാൻ തുടങ്ങി. ഒരു കൊച്ചു കുട്ടിയെ എങ്ങനെ നോക്കുന്നുവോ അതുപോലെ അവൻ അവരെ നോക്കുന്നു.

ദിവസങ്ങൾ കടന്നുപോയിക്കൊണ്ടേയിരുന്നു.

അവസാനം ആ ദിവസം എത്തി, സെപ്റ്റംബർ 16. അന്ന് അഭി നേരത്തെ

ഹോസ്റ്റലിൽ പോയി. അത് ജിനു അറിഞ്ഞില്ല. ലൈബ്രറിയിൽ നിന്ന് ഹോസ്റ്റലിൽ പോവാൻ എത്തിയപ്പോൾ



ക്ലാസ്സിൽ അഭിയില്ല സമയം ഇരിട്ടി. കോരിച്ചൊരിയുന്ന മഴ. അവൻ ഹോസ്റ്റലിന്റെ പടി ചവിട്ടിയപ്പോൾ ഉള്ളിൽ നിന്ന് അലർച്ച. ഹോസ്റ്റൽ മുറിയിൽ എത്തിയപ്പോൾ ആരുമില്ല. അവൻ അകത്തേക്ക് നോക്കിയപ്പോൾ തനിയെ തുറന്ന ജനാല, മിന്നലിന്റെ ചിത്രപ്പണി നടക്കുന്ന ഭിത്തികൾ, കറങ്ങുന്ന ഫാൻ. അവൻ സ്വിച്ച് ഓഫ് ചെയ്യാൻ ചെന്നപ്പോൾ സ്വിച്ച് ഓൺ അല്ല. അവൻ ചുറ്റും നോക്കിയപ്പോൾ കതക് അടഞ്ഞു, ലൈറ്റും ഫാനും ഓഫ് ആയി കാറ്റ് നിന്നു. മുഴുവനായും നിശബ്ദത . അവൻ നിശ്ചലമായി നിന്നു. അന്ധകാരത്തിൻ്റെ മറയിൽ അവൻ തിരിഞ്ഞതും അത് സംഭവിച്ചു.

ആ ദിനത്തിൽ രാത്രിയുടെ യാമത്തിൽ ജിനു ഈ ലോകത്തോട് വിട പറഞ്ഞു. പിറ്റേ ദിവസത്തെ പത്രത്തിലും ചാനലുകളിലും ആ വാർത്ത നിറഞ്ഞു നിന്നു. ഹോസ്റ്റലിലെ സഹപാഠികളിലും അവൻ മരണപ്പെട്ട വിവരം പടർന്നു. പോലീസും സംഘവും ഹോസ്റ്റലിൽ കേറി ഇറങ്ങി. മരണകാരണം കഴുത്തിൽ ആഴത്തിൽ ഉണ്ടായ മുറിവാണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ . ഒടുവിൽ ആ സത്യം തെളിയിച്ചു. പ്രതിയെ കണ്ട് എല്ലാവരും ഞെട്ടി. ജിനുവിന്റെ ഉറ്റ സുഹൃത്തായ അഭിയാണ് ആ കൊടും ക്രൂരത ചെയ്തത്. എന്തിനത് ചെയ്തു? എല്ലാവരുടെയും ചോദ്യശരങ്ങൾക്ക് മുൻപിൽ ഒരു വേള പതറി. ഒടുവിൽ അവൻ ആ സത്യത്തിൻ്റെ ചുരുൾ അഴിച്ചു. അവനേക്കാൾ എല്ലാത്തിലും മുന്നേറിയ ജിനുവിനോടുള്ള അസൂയയാണ് അഭിയെ അതിന് പ്രേരിപ്പിച്ചത്. ആകാശ കോണിലെ നക്ഷത്ര കൂട്ടങ്ങളിൽ ഒരു കുഞ്ഞു താരകമായി നിന്ന് ജിനുവും ആ കാഴ്ച കണ്ടു. ഒരു പാട് വേദനകൾ പെയ്ത് ഇറങ്ങിയ മനസുമായി ആ താരകം മിഴി പൂട്ടി.

**അർപ്പിത ആർ സിനു**
8 A

കവിത

# കിനാക്കൾ

കിനാക്കൾ ദർശിക്കാത്ത ആരുണ്ട്
ഈ പ്രപഞ്ചത്തിൽ.
കിനാക്കൾ ദർശിക്കാൻ ആഗ്രഹിക്കാത്ത
ആരുണ്ട് ഈ പ്രപഞ്ചത്തിൽ.

നാം നിദ്രയിൽ ആകുന്ന നേരങ്ങളിൽ
കിനാക്കൾ ഓടിയെത്തുമ്പോൾ, മുഖത്ത്
പുഞ്ചിരി വിരിയാം, ചിലപ്പോൾ വിപരീതവും......

ഈ കിനാക്കൾ നൽകുന്ന പുഞ്ചിരിയും, ദുഃഖവും
ചന്ദ്രൻ മായുന്നത് വരെ മാത്രം.

വെളിച്ചത്തിൽ നമ്മുടെ പല കിനാക്കളും,
നമ്മുടെ മനങ്ങളിൽ മിന്നി മറയും..
അതിൽ പലതും നമ്മുടെ ജീവിത ലക്ഷ്യങ്ങളും..
അതിനായൊട്ട് പരിശ്രമം ഇല്ലതാനും.....
പരിശ്രമിക്കാൻ മനസ്സില്ലാത്ത
ഹൃദയങ്ങളെ നിങ്ങൾ കിനാവ്
കണ്ട് മനം കുളിർപ്പിക്കാൻ യോഗ്യരോ?

ചിന്തിക്കൂ മനസ്സുകളെ !!
കിനാക്കൾ കണ്ട് വെറുതെ
നഷ്ടപ്പെടുത്തരുതേ?? കിനാക്കൾ
സഫലമാക്കാൻ പരിശ്രമിക്കൂ...
പരിശ്രമങ്ങൾ നിങ്ങളെ ഉന്നതങ്ങളിൽ
എത്തിക്കും....

എഞ്ചൽ റോബിൻ
7 A



Poem

# My mother

The strong bold lady that

I have ever seen.

She is very lovable and understanding

Mother is guiding me with love.

Her  love is precious like a diamond .

Mother's love is valuable than anything

her face like glowing moon,

Her eyes are like ocean wave,

that filled with all emotions .

*Kripa Maria Jaison*

*8 A*

കവിത

# മനസ്സിലൊരു വെളിച്ചം

എങ്ങോപ്പോയ് മറഞ്ഞതാ
മനസ്സിൽ വെളിച്ചം നാമെങ്ങും
കപടമാ ചിന്തയെ ഉയർത്തുമ്പോൾ
അപ്രത്യക്ഷമാകുമാ സത്യത്തിൻ വെളിച്ചം

എങ്ങോപ്പോയ് മറഞ്ഞതാ സ്നേഹത്തിൻ
വെളിച്ചം എല്ലാവരും ശത്രുക്കൾ
പോലെ നടപ്പു ഇല്ലാതെയാകുമാ
സ്നേഹത്തിൻ വെളിച്ചം

എങ്ങോപോയ് മറഞ്ഞതാ മനസ്സിൻ
വെളിച്ചം മനസ്സിൽ വെളിച്ചത്തെ മൂട്ടമാ
ഇരുളിനെ നാമെലാം ഒന്നായി നേരിട്ടമാ
സമയം മനസ്സിന്റെ ജാലകങ്ങൾ പതിയെ
തുറന്ന് സന്തോഷത്തിന് വെളിച്ചം
പ്രകാശിപ്പിക്കും മനസ്സ്

ആദിലക്ഷ്മി സുരേഷ്
8 C

കവിത

# മനോഹരി



പ്രകൃതി  മനോഹരിയാണെന്റെ
ഭൂമിയാം  ദേവി ..........
അലകളുടെ താളം മീട്ടി
ഒഴുകുന്ന നദികൾ.......
കാറ്റിൻ തലയാട്ടി
ചൂളമടിക്കുന്ന മുളംകാടുകൾ..........
കെട്ടു പിണഞ്ഞു കിടക്കുന്ന വള്ളിയും
പാവമാം  ജീവജാലങ്ങൾ
എങ്ങും സുഗന്ധം പരത്തും പുഷ്പങ്ങളും.....
എൻ  മാനസത്തിൽ
തിങ്ങി  നിന്നു.........

അക്സ ജോമോൻ
8 B






**Digital Magazine by Little Kites Club: 2023-26 Batch**